കേന്ദ്ര ലൈബ്രറികളായി അംഗീകരിച്ചിട്ടുള്ള പഞ്ചായത്തു ലൈബ്രറികൾ

* 69. [96] ശ്രീ. എസ്. ദാമോദരൻ † : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ബ്ലോക്കിൽ ഒരു പഞ്ചായത്ത് കേന്ദ്ര ലൈബ്രറി എന്ന സ്കീം അനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ എത്ര പഞ്ചായത്ത് ലൈബ്രറികളെ അപ്രകാരം കേന്ദ്ര ലൈബ്രറികളായി അംഗീകരിച്ചിട്ടുണ്ട്;

(ബി) ഈ സ്കീം അനുസരിച്ച് ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പഞ്ചായത്ത് ലൈബ്രറികളെയാണ് ബ്ലോക്ക് കേന്ദ്രലൈബ്രറികളായി അംഗീകരിച്ചിട്ടുള്ളത് ?

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) ഇതേക്കുറിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. പ്രസ്തുത പ്രശ്നം പഞ്ചായത്ത് ഡയറക്ടരുടെ സജീവ പരിഗണനയിലാണ്.

(ബി) ആലപ്പുഴ ജില്ലയിൽ പന്തളം തെക്കേക്കര, വെൺമണി, കവിയൂർ എന്നീ പഞ്ചായത്തു ലൈബ്രറികളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്ന പ്രശ്നം പരിഗണനയിലുണ്ട്.

ശ്രീ. കെ. സോമശേഖരൻനായർ : അങ്ങനെ ഒരു കേന്ദ്ര ലൈബ്രറി ഉണ്ടാകുന്നതുകൊണ്ട് പഞ്ചായത്തുകളിൽ ഇന്നു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ലൈബ്രറികൾക്ക് ശാസ്ത്രീയമായ തരത്തിലുള്ള നല്ല പുസ്തകങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിന് കഴിയുമെന്നും അതുകൊണ്ട് കേന്ദ്ര ലൈബ്രറി കഴിയുന്നതും വേഗം ഉണ്ടാക്കുന്നതിലേക്കാവശ്യമായ നടപടി സ്വീകരിക്കുന്നത് ഇന്നു ശാസ്ത്രീയമായ നല്ല പുസ്തകങ്ങൾ വാങ്ങിച്ചു വായിച്ചു പഠിക്കുന്നതിന് സൗകര്യമില്ലാത്ത വിദ്യാർത്ഥികളെ സഹായിക്കുകകൂടി ചെയ്യുമെന്നും ഗവൺമെന്റ് കരുതുന്നുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അങ്ങനെ കരുതിയതുകൊണ്ടാണ് ഈ നടപടി ആരംഭിച്ചിട്ടുള്ളത്.

ആശുപത്രി ജീവനക്കാരുടെ ഡ്യൂട്ടി സമയം വർദ്ധിപ്പിച്ചത് ക്യാൻസൽ ചെയ്യാൻ നടപടി

* 70. [97] ശ്രീ. വി. എസ്. അച്യുതാനന്ദൻ ‡ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ജോലി ചെയ്തു വരുന്ന നേഴ്സുമാരും മറ്റ് ജീവനക്കാരും എട്ടുമണിക്കൂർ ജോലി ചെയ്യുന്നതിനുള്ള വ്യവസ്ഥ മാറ്റം ചെയ്ത് അതിൽനിന്ന് അരമണിക്കൂർകൂടി മുമ്പ് ഡ്യൂട്ടിക്ക് ഹാജരാകണമെന്ന് നിർദ്ദേശിക്കുന്ന ഒരു പുതിയ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത്;

(ബി) പ്രതിമാസം 15 മണിക്കൂർ ഇതിലേക്ക് കൂടുതൽ വിനിയോഗിക്കേണ്ടി വരുന്നതുകൊണ്ട് ജീവനക്കാർക്ക് ഇതിനായി പ്രത്യേക അലവൻസ് വല്ലതും നൽകുന്നുണ്ടോ;

† Put by Shri K. Somasekharan Nair

‡ Put by Shri R. Krishnan (Palghat)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം വളരെയധികം സമയം അനാവശ്യമായി വ്യയം ചെയ്യാൻ നിർബന്ധിക്കുന്ന ഈ ഓർഡർ മൂലം ജീവനക്കാർ വളരെ അധികം ക്ലേശിച്ചു വരുന്നതിനെ പരിഗണിച്ച് അതുടനെ ക്യാൻസൽ ചെയ്യാൻ അടിയന്തിരനടപടി കൈക്കൊള്ളുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): (എ) നേഴ്സിംഗ് സ്റ്റാഫിന്റെ ജോലി സമയം വ്യത്യസ്തപ്പെടുത്തിക്കൊണ്ടുള്ള പുതിയ ഓർഡറൊന്നും പുറപ്പെടുവിച്ചിട്ടില്ല. അവരുടെ ജോലി സമയം ക്രമപ്പെടുത്തിക്കൊണ്ട് നിലവിലുള്ള സർക്കാർ ഉത്തരവ് 2-11-1960-ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന് വിപരീതമായി പല സർക്കാർ ആശുപത്രികളിലും ഹെഡ്നേഴ്സുമാർ രാവിലെയും രാത്രിയും യഥാക്രമം ഒരു മണിക്കൂറും രണ്ടു മണിക്കൂറും കഴിഞ്ഞാണ് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യുന്നതെന്ന് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടു. ഇത് അനുവദിക്കുന്നതിന് നിയമമില്ല എന്നും അവരും സ്റ്റാഫ് നേഴ്സുമാരെപോലെ ഡ്യൂട്ടിക്ക് വരണമെന്നും നിർബന്ധിച്ചു. മെഡിക്കൽ ആഫീസറോട് "അപ്രകാരം അനുവദിച്ചിട്ടുണ്ട്" എന്നു അവർ മറുപടി പറഞ്ഞതായി റിപ്പോർട്ടുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചു. മാത്രമല്ല, ഇതിനെപ്പറ്റി വ്യക്തമായ നിർദ്ദേശം ആവശ്യപ്പെട്ടുക്കൊണ്ട് പാലക്കാട് ജില്ലാ മെഡിക്കലാഫീസർ ഡയറക്ടർക്കെഴുതി. അപ്പോൾ ഹെഡ്നേഴ്സുമാർക്കും സ്റ്റാഫ് നേഴ്സുമാർക്കും ജോലി സമയം ഒന്നു തന്നെയാണെന്നും അപ്രകാരം അവർ ജോലിയിൽ ഹാജരാകാൻ വേണ്ടപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരും നിർബന്ധിക്കണമെന്നും കാണിച്ച് ഒരു സർക്കുലർ ആരോഗ്യ വകുപ്പ് ഡയറക്ടർ 16-6-1976-ൽ അയച്ചിട്ടുണ്ട്.

(ബി) ടി സർക്കുലർ അനുസരിച്ച് അവർ കൂടുതൽ ജോലി ചെയ്യുന്നു എന്ന് അവകാശപ്പെടുന്നത് നിയമ വിരുദ്ധമായി അവർ അനുഭവിച്ചു വന്നിരുന്ന സൗജന്യം നഷ്ടപ്പെട്ടു എന്നുള്ളതുകൊണ്ടാണ്. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) മേൽപ്പറഞ്ഞ കാരണങ്ങളാൽ 2-11-1960 മുതൽ നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പു ഡയറക്ടർ നൽകിയ നിർദ്ദേശം പിൻവലിക്കേണ്ട ആവശ്യമില്ല.

ശ്രീ.ആർ. കൃഷ്ണൻ (പാലക്കാട്): ഡ്യൂട്ടി സമയത്തിന് അര മണിക്കൂർ മുൻപ് ഹാജരാകണമെന്ന് വല്ല കൽപ്പനയും പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഡ്യൂട്ടിക്ക് അര മണിക്കൂർ മുൻപ് ഹാജരാകണമെന്ന് കൽപ്പിച്ചിട്ടുള്ളതായി അറിവില്ല. കൃത്യസമയത്ത് ഹാജരാകണമെന്നുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഹെഡ് നേഴ്സുമാർ ഡ്യൂട്ടി സമയമായ എട്ട് മണിക്ക് ഹാജരാകുന്നതിനു പകരം ഏഴര മണിക്ക് ഹാജരാകണമെന്ന് വല്ല കൽപ്പനയും പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഡ്യൂട്ടി സമയം ഏഴു മണിയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : അതിനും അര മണിക്കൂർ മുൻപ് ഹാജരാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : അങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടുള്ളതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഇന്ന് എല്ലാ സർക്കാർ ജീവനക്കാരും എല്ലാ ഞായറാഴ്ചയും ഗവൺമെന്റ് പ്രഖ്യാപിക്കുന്ന മറ്റ് പൊതു ഒഴിവ് ദിവസങ്ങളും പ്രയോജനപ്പെടുത്തുന്ന അവസരത്തിൽ ആശുപത്രി ജീവനക്കാർക്ക് അതൊന്നും ബാധകമല്ലാതെ മാസത്തിൽ നാല് ഓഫ് മാത്രം കിട്ടുകയും രാത്രി ഡ്യൂട്ടിയുള്ള ദിവസങ്ങളിലെല്ലാം വൈകുന്നേരം ആറു മണി മുതൽ പിറേറ ദിവസം രാവിലെ എട്ടു മണിവരെ ഡ്യൂട്ടി നോക്കുകയും ചെയ്യേണ്ട സ്ഥിതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനുള്ള കാരണ മെന്താണ് ? അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ.എൻ. കെ. ബാലകൃഷ്ണൻ: അതേപ്പററി ഗവൺമെൻറ് ആലോചിച്ചു വരികയാണ്. ഷിഫ്റ്റ് സംപ്രദായം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻറ് ആലോചിച്ചു വരികയാണ്.

നദീതട കോർപ്പറേഷൻ

* 71 [98] ശ്രീ. കെ. എ. ശിവരാമഭാരതി * : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും–ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഘനഅടി വെള്ളമാണ് കേരളത്തിലെ നദികളിൽക്കൂടി സമുദ്രത്തിലേക്ക് ഒഴുകിച്ചേരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഘനഅടിവെള്ളം ഈ നദികളിൽനിന്ന് അണകെട്ടി തിരിച്ച് കേരളം ഉപയോഗിക്കുന്നു ;

(സി) കൂടുതൽ അണകെട്ടി കൂടുതൽ കൃഷിയിടങ്ങൾക്ക് ജല സേചനം നൽകാൻ മതിയായ സാമ്പത്തിക സമ്പാദനത്തിന് ഒരു 'നദീതട കോർപ്പ റേഷൻ' രൂപീകരിക്കുമോ ?

വനവും ജലസേചനവും മന്ത്രി (ഡോക്ടർ കെ. ജി. അടിയോടി): (എ) നദികളിൽക്കൂടി സമുദ്രത്തിലേക്കൊഴുകി പോകുന്ന വെള്ളത്തിന്റെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) 14,000 കോടി ഘനയടി വെള്ളം വൈദ്യുതോൽപ്പാദനത്തിന് ഉപയോഗിക്കുന്നുണ്ട്. വൈദ്യുതോൽപ്പാദനത്തിനുശേഷം ഇതിന്റെ ഒരു ഭാഗം ജലസേചനത്തിന് പ്രയോജനപ്പെടുത്തുന്നുണ്ട്. പൂർത്തിയാക്കിയ വൻകിട ജലസേചന പദ്ധതികൾ 4650 കോടി ഘനയടി വെള്ളം പ്രയോജനപ്പെടുത്തുന്നു. പണി നടന്നു കൊണ്ടിരിക്കുന്ന വൻകിട പദ്ധതികൾ പൂർത്തിയാകുമ്പോൾ 9500 കോടി ഘനയടി വെള്ളം കൂടി ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ കഴിയും. ചെറുകിട ജലസേചന പദ്ധതികൾ വഴി 5000 കോടി ഘനയടി വെള്ളം ഉപയോഗിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) ഇപ്പോൾ നിലവിലിരിക്കുന്ന വെള്ളക്കരം നിരക്കുകളുടെ അടി സ്ഥാനത്തിൽ അപ്രകാരമൊരു കോർപ്പറേഷൻ പ്രവർത്തിക്കുവാൻ കഴിയുക യില്ല. ഇപ്രകാരമൊരു കോർപ്പറേഷൻ അടിസ്ഥാനത്തിൽ പദ്ധതികൾ ഏറെറടുക്കുന്നതിന് വെള്ളക്കരത്തിന്റെ നിരക്കുകൾ പല മടങ്ങ് വർദ്ധിപ്പി ക്കേണ്ടി വരും. പ്രാഥമിക പരിശോധനകൾ അതാണ് തെളിയിക്കുന്നത്.

ശ്രീ. കെ സോമശേഖരൻ നായർ : നദികളിൽക്കൂടി സമുദ്രത്തിലേയ്ക്ക് ഒഴുകിപ്പോകുന്ന വെള്ളത്തിന്റെ കണക്ക് എടുത്തിട്ടില്ലെന്ന് പറഞ്ഞു. എന്നാൽ തന്നെയും കൃഷിക്ക് ഉപയോഗിക്കേണ്ട തരത്തിലുള്ള വളരെയധികം ജലം

* Put by Shri K. Somasekharan Nair

LIBRARY ARCHIVES Kerala Legislative Assembly